I ഇ.ബി. XIV - കേരള നിയമസഭ /VII-5

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 11, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **അടിയന്തരപ്രമേയം**

റേഷൻ കാർഡുകളിലെ അപാകത

മി. സ്പീക്കർ: ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി വിതരണം ചെയ്ത റേഷൻ കാർഡുകളിൽ വ്യാപകമായ തെറ്റുകൾ കടന്നുകൂടിയതിനാലും മുൻഗണനാ പട്ടികയിൽ വലിയ ക്രമക്കേടുകളുണ്ടായതിനാലും റേഷൻ കാർഡുകൾ കൃത്യസമയത്ത് വിതരണം ചെയ്യാൻ കഴിയാത്തതുകൊണ്ടും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകളും

ബുദ്ധിമുട്ടുകളുംമൂലമുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, എ. പി. അനിൽ കുമാർ, എം. ഉമ്മർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ദേശീയ ഭക്ഷ്യഭദ്രതാ നിയമം സമയബന്ധിതമായി മുൻ സർക്കാർ നടപ്പാക്കാത്തതിനാൽ സംസ്ഥാനത്തിന്റെ അഡ്ഹോക് റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച സാഹചര്യത്തിൽ യാതൊരു മുന്നൊരുക്കവുമില്ലാതെ നവംബർ മാസം മുതൽ സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കേണ്ടി വന്നിട്ടുണ്ട്. റേഷൻ കാർഡ് വിതരണത്തിന്റെ കരട് പട്ടികയിന്മേലുള്ള പരാതികൾ വിവിധ തലങ്ങളിൽ സമിതികൾ രൂപീകരിച്ച് പരിഹരിക്കുകയും 12 ലക്ഷംപേരെക്കൂടി ഉൾപ്പെടുത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ധാന്യവിതരണം നടത്തിവരികയുമാണ്. മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട അർഹരെയും പട്ടികയിലുള്ള അനർഹരെയും കണ്ടെത്താൻ വകുപ്പുതല അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട അനർഹർക്ക് ലിസ്റ്റിൽ നിന്നും സ്വയം ഒഴിവാകുന്നതിന് ആഗസ്റ്റ് 20-ാം തീയതി വരെ സമയം നൽകിയിട്ടുണ്ട്. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരും പെൻഷൻകാരും സ്വയം ഒഴിവാകണമെന്നാവശ്യപ്പെട്ട് പുറപ്പെടുവിച്ച

സർക്കുലറിന്റെ അടിസ്ഥാനത്തിൽ 43396 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. പുതുക്കിയ മാനദണ്ഡപ്രകാരമുള്ള മുൻഗണനാ പട്ടികയിൽ കൂടുതൽപേരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട പാർശ്വവത്ക്കരിക്കപ്പെട്ടതും പരമ്പരാഗത മേഖലയിലുള്ളതുമായ വലിയൊരു വിഭാഗം ജനങ്ങളെ പുതുക്കിയ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഭക്ഷ്യ വകുപ്പ് സ്വീകരിച്ചുവരികയാണ്.

ശ്രീ. അനൂപ് ജേക്കബ്: ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്ത റേഷൻ കാർഡുകളിൽ വ്യാപകമായ തെറ്റുകൾ കടന്നുകൂടുകയും മുൻഗണനാ വിഭാഗത്തിൽനിന്നും അർഹരായവർ പുറത്താക്കപ്പെടുകയും ജനങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങളാകെ ആശങ്കയിലാണ്. അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പരാതികൾ പരിഹരിക്കുകയോ സോഷ്യൽ ഓഡിറ്റിംഗ് നടത്തുകയോ ചെയ്യാതെയാണ് റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുള്ളത്. പെൻഷനും ശമ്പളവും ലഭിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥർ റേഷൻ കാർഡ് സമർപ്പിക്കണമെന്ന നിർദ്ദേശം പ്രതിഷേധാർഹമാണ്. സർക്കാർ സംവിധാനം

ഉപയോഗിച്ച് മുൻഗണനാ പട്ടികയിലെ അനർഹരെ കണ്ടെത്താൻ ശ്രമിക്കണം. അവധാനതയോടെ പ്രശ്നത്തിലിടപെടാതെ ലഭിച്ച സമയം ദുർവിനിയോഗം ചെയ്യുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചത്. പൊതുവിതരണ സംവിധാനത്തിലൂടെ ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കാത്തതുമൂലം പൊതുവിപണിയിൽ വിലക്കയറ്റമുണ്ടായിരിക്കുകയാണ്. റേഷൻ കാർഡുകൾ സംബന്ധിച്ച് ലഭിച്ച പരാതികൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാനോ റേഷൻ കാർഡ് പുതുക്കി നൽകുന്നതിനോ കഴിഞ്ഞ സർക്കാർ നടപടി സ്വീകരിച്ചില്ല. മുൻഗണനാ വിഭാഗക്കാരെ ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് പട്ടികയിന്മേൽ ലഭിച്ച പരാതികളിൽ തീർപ്പുകൽപ്പിച്ചതിനുശേഷമാണ് അന്തിമ പട്ടിക തയ്യാറാക്കിയത്. സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നവംബർ മാസം മുതലാണ് നടപ്പാക്കിയത്. റേഷൻ വിതരണരംഗത്തെ മൊത്ത വ്യാപാരികളുടെ ചൂഷണം അവസാനിപ്പിക്കുകയും സപ്ലൈകോ വഴി ഭക്ഷ്യധാന്യം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മാനദണ്ഡങ്ങളിലെ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റ മുൻഗണനാ പട്ടിക തയ്യാറാക്കി ധാന്യവിതരണം നടത്തുന്നതാണ്. എൻ.എഫ്.എസ്.എ. പ്രകാരമുള്ള

ധാന്യവിതരണമാണ് മുൻഗണനന-മുൻഗണനേതര വിഭാഗക്കാർക്ക് സർക്കാർ നൽകുന്നത്. റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുമ്പോൾ ഭക്ഷ്യധാന്യ വിതരണം കുറച്ചുകൂടി സുതാര്യമാകുന്നതാണ്. ലഭിക്കുന്ന ധാന്യങ്ങൾ പാഴാക്കാതെ ജനങ്ങളിലേയ്ക്കെത്തിക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്താനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പവും ശ്രീ. അനൂപ് ജേക്കബ് പ്രസ്താവന നടത്താതെയും സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) തീരദേശ പരിപാലന വിജ്ഞാപനത്തിലെ നിയന്ത്രണങ്ങൾ

ശ്രീ. എ. എൻ. ഷംസീർ: തീരദേശമേഖലയിലെ നിർമ്മാണ

പ്രവർത്തനവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും സി.ആർ.ഇസഡ്.-ന്റെ തിരുവനന്തപുരം ഓഫീസിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനും തലശ്ശേരിയിൽ അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം Ministry of Environment and Forests -ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രാബല്യത്തിൽ വന്ന CRZ റെഗുലേഷൻ അനുസരിച്ച് ഇന്ത്യ ഒട്ടാകെയുള്ള കടൽത്തീരങ്ങളുടെ നിശ്ചിത പരിധി തീരദേശ സംരക്ഷണ മേഖലയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. CRZ ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാനായി കേന്ദ്ര സർക്കാർ നിയോഗിച്ച സമിതി സംസ്ഥാനത്തെത്തി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും തുടർനടപടിയായി CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ നടപടി കൈക്കൊള്ളുമെന്നും പ്രതീക്ഷിക്കുന്നു. തീരദേശ

മേഖലയിലുള്ള വീട് നിർമ്മാണം, നിർമ്മാണം പൂർത്തിയായ വീടുകളിലെ താമസം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന സർക്കാർ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുന്നതാണ്. CRZ-ന്റെ തിരുവനന്തപുരം ഓഫീസിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനും തലശ്ശേരിയിലെ അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(2) ആർത്തവാവധി

ശ്രീ. കെ. എസ്. ശബരീനാഥൻ: കേരളത്തിലെ സർക്കാർ-അർദ്ധസർക്കാർ-സ്വകാര്യ-സംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർ ആർത്തവ കാലയളവിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ ചർച്ച നടത്തി ആർത്തവ അവധി അനുവദിക്കുന്നതിനും പൊതു-സ്വകാര്യ തൊഴിൽ സ്ഥാപനങ്ങളിൽ വിമെൻ ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകളും ഇൻസിനറേറ്ററുകളും സ്ഥാപിക്കുന്നതിനും സ്കൂളുകളിൽ സൗജന്യമായി ഷീ പാഡുകൾ നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്ത്രീകളുടെ ജൈവിക സവിശേഷതകളും സ്വകാര്യതയും കണക്കിലെടുത്ത് സർക്കാർ-അർദ്ധ സർക്കാർ-സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്ക് ആർത്തവ

കാലയളവിൽ അവധി നൽകുന്നതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തി പൊതു നിലപാട് സ്വീകരിക്കുന്നതാണ്. സ്കൂളുകളിൽ സൗജന്യമായി ഷീ പാഡ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## III സബ്മിഷൻ

(1) ദളിത് യുവതിയെ മർദ്ദിച്ച സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മട്ടന്നൂർ നഗരസഭാ തെരഞ്ഞെടുപ്പുവേളയിൽ പാർട്ടി പ്രവർത്തകയും മുൻ നഗരസഭാ കൗൺസിലറുമായ ദളിത് യുവതിക്കെതിരെ ഉണ്ടായ അക്രമസംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 08-08-2017-ൽ മട്ടന്നൂർ നഗരസഭാ തെരഞ്ഞെടുപ്പിൽ അനിഷ്ട സംഭവങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, നഗരസഭാംഗമായിരുന്ന ദളിത് യുവതിയെ മർദ്ദിച്ചെന്ന വാർത്ത വസ്തുതാവിരുദ്ധവും അടിസ്ഥാനരഹിതവുമാണ്. ടി വിഷയം സംബന്ധിച്ച് കേസെടുക്കേണ്ട സാഹചര്യം നിലവിലില്ല.

(2) ജലം ലഭ്യമാക്കൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: പറമ്പിക്കുളം-ആളിയാർ കരാർ ലംഘനത്തെത്തുടർന്ന് പി.എ.പി. വ്യവസ്ഥ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിന്

നടപടി സ്വീകരിക്കുന്നതോടൊപ്പം കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നി നദികളിലാണ് ജല സംഭരണവും വിതരണവും നടന്നുവരുന്നത്. ഓരോ ജലവർഷവും കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാർ പ്രകാരമുള്ള ജലം ലഭിക്കാത്തതിനാൽ ചിറ്റൂർ മേഖലയിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെടുകയും കാർഷിക-കുടിവെള്ള പ്രശ്നങ്ങൾ ഉടലെടുത്തിരിക്കുകയുമാണ്. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയുമായി ആശയ വിനിമയം നടത്തുകയും കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രിക്കും കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയച്ചിട്ടുണ്ട്.

## (3) എൽ.ഡി.സി. പരീക്ഷ റദ്ദ് ചെയ്യൽ

ശ്രീ. അടൂർ പ്രകാശ്: പത്തനംതിട്ട-പാലക്കാട് ജില്ലകളിൽ 05-08-2017-ന് പി.എസ്.സി. നടത്തിയ എൽ.ഡി.സി. പരീക്ഷ സംബന്ധിച്ച് ആക്ഷേപമുയർന്ന സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്ത് പുന:പ്പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പത്തനംതിട്ട ജില്ലയിൽ പി.എസ്.സി. നടത്തിയ എൽ.ഡി.സി. പരീക്ഷയിൽ സിലബസ്സിലില്ലാത്ത ചോദ്യങ്ങളുണ്ടായിരുന്നുവെന്ന് പരാതി വന്നെങ്കിലും അവ പൊതുവിജ്ഞാനത്തിലും ചരിത്രത്തിലും ഉൾപ്പെടുന്നവയായിരുന്നു. ചോദ്യപേപ്പറിനെക്കുറിച്ച് പരാതി/ആക്ഷേപം ഉന്നയിക്കാൻ പി.എസ്.സി. സംവിധാനമൊരുക്കിയിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന പരാതികൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പരീക്ഷ റദ്ദ് ചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല.

(4) റോഡ് വികസനം

ശ്രീ. കെ. ആൻസലൻ: കരമന-കളിയിക്കാവിള ദേശീയപാതയിൽ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള റോഡ് വികസനം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ദേശീയപാത 47-ലെ കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനാണ് നാലുവരിപ്പാത വികസിപ്പിക്കാൻ തീരുമാനിച്ചത്. 5.5 കിലോമീറ്റർ റോഡ് വീതികൂട്ടി വികസിപ്പിക്കുന്ന പ്രവൃത്തി

പൂർത്തീകരിച്ചുവരികയാണ്. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ റോഡ് വികസനത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ബാലരാമപുരം വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആഗസ്റ്റ് 31-നകം പൂർത്തീകരിക്കുന്നതാണ്. പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാൻ ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെ അഞ്ച് കിലോമീറ്റർ ഭാഗം വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് ആദ്യഘട്ടത്തിൽ സ്വീകരിക്കുന്നത്. ഒന്നര കിലോമീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് പ്രക്രിയകൂടി പൂർത്തീകരിച്ചാൽ ഈ ഭാഗത്തെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. അതിനായി ഉടൻതന്നെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(5) പട്ടികജാതി സർട്ടിഫിക്കറ്റ്

ശ്രീ. എ. പ്രദീപ്കുമാർ: ചക്ലിയ സമുദായത്തിന് പട്ടികജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവ് പ്രകാരം ഒരു സംസ്ഥാനത്തെ സ്ഥിരതാമസക്കാർക്ക് മാത്രമേ പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റിന് അർഹതയുള്ളൂ. മേൽ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ 1950-നുമുമ്പ് കേരളത്തിൽ

താമസിച്ചിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയാത്തവർക്ക് പ്രസ്തുത സർട്ടിഫിക്കറ്റിന് അർഹതയില്ല. ആയതിനാൽ 1950-നുശേഷം കുടിയേറിപ്പാർത്തിട്ടുള്ള ചക്ലിയ സമുദായത്തിന് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാൻ നിർവ്വാഹമില്ല.

(6) <u>ശബരി റെയിൽപാത</u>

<u>ശ്രീ. എൽദോ എബ്രഹാം</u> : അങ്കമാലി-ശബരി റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : അങ്കമാലി-ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടിവരെയുള്ള പാതയുടെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗം അംഗീകരിച്ചു. ആയത് റെയിൽവേയുടെ പരിഗണനയിലാണ്. കോട്ടയം ജില്ലയിലെ പതിമൂന്നോളം വില്ലേജുകളിൽ കൂടിയാണ് ശബരി റെയിൽപാത കടന്നുപോകുന്നതെങ്കിലും മൂന്ന് വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ചുകൾ മാത്രമേ റെയിൽവേ സമർപ്പിച്ചിട്ടുള്ളൂ. റെയിൽപാതയ്ക്കാവശ്യമായ

സ്ഥലമേറ്റെടുക്കുന്നതിന് രണ്ട് പൊന്നുംവില സ്പെഷ്യൽ തഹസിൽദാർമാരുടെ കാര്യാലയങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അവ പ്രവർത്തിച്ചുതുടങ്ങുന്നതോടെ സ്ഥലമെടുപ്പുനടപടികൾ പൂർത്തിയാക്കുന്നതാണ്. സംസ്ഥാനത്ത് ഭൂമിയേറ്റെടുക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി കഴിഞ്ഞ മന്ത്രിസഭാ യോഗം ഒരു ഐ.എ.എസ്. ഓഫീസറെ കോ-ഓർഡിനേറ്ററായി നിയോഗിച്ചിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽപാതയുടെ ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം തന്നെ അതിന്റെ ഉത്ഘാടനം നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(7) കോളേജിന്റെ ശോച്യാവസ്ഥ

ശ്രീ. വി. കെ. സി. മമ്മത് കോയ : കോഴിക്കോട് മീഞ്ചന്ത ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കോഴിക്കോട് മീഞ്ചന്ത ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിലെ പ്രധാന കെട്ടിടം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പൊതുമരാമത്ത് ഫണ്ടിലുൾപ്പെടുത്തി മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾക്കുള്ള തുകയും അനുവദിച്ചിട്ടുണ്ട്.

കോളേജിൽ പുതുതായി നിർമ്മിക്കുന്ന ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തികളും ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി മുഖേന മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രമിക്കുന്നതാണ്.

(8) മന്ത്, കോളറ രോഗങ്ങളുടെ വ്യാപനം

ശ്രീമതി വീണാ ജോർജ്: പത്തനംതിട്ട ജില്ലയിലെ അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ മന്ത്, കോളറ രോഗങ്ങൾ പടരുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പത്തനംതിട്ട ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ മന്ത് രോഗം പടരുന്ന സാഹചര്യം നിലവിലില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പ്രത്യേക രാത്രികാല രക്തപരിശോധന നടത്തി മന്ത് രോഗികളെ കണ്ടുപിടിക്കുന്നതിനും രോഗാതുരത കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെൽത്തി കേരള എന്ന സമഗ്ര പദ്ധതി ആവിഷ്കരിച്ചുകൊണ്ട് പകർച്ചവ്യാധി രോഗങ്ങളുള്ള ഇതര സംസ്ഥാനക്കാരെ കണ്ടെത്തി ചികിത്സ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് പഞ്ചായത്തിൽ നാട്ടിൽ പോയി തിരികെ വന്ന ഒരു അന്യസംസ്ഥാന തൊഴിലാളി

വയറിളക്ക ബാധയെ തുടന്ന് മരണപ്പെടുകയും കൂടെ താമസിച്ചിരുന്നവരിൽ ചിലർ സ്വന്തം നാട്ടിലേയ്ക്കും ചിലർ കാഞ്ഞിരപ്പള്ളിയിൽ ജോലിക്ക് പോകുകയും ചെയ്തു. പരിശോധനയും തുടർചികിത്സയും തേടാൻ ഇവരോട് നിർദ്ദേശിക്കുകയും വിവരം അവരുടെ സംസ്ഥാനത്തെ അറിയിക്കുകയും താമസസ്ഥലത്ത് അടിയന്തര പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## (9) സ്റ്റാഫ് നഴ്സുമാരുടെ ശമ്പളം

ശ്രീ. കെ. മുരളീധരൻ: കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്റ്റാഫ് നഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനത്തിനായി സർക്കാർ ഗ്രാന്റോ മറ്റ് ധനസഹായമോ നൽകുന്നില്ല. സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. സർക്കാർ ഉത്തരവുപ്രകാരം കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനയ്ക്കനുസൃതമായി കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്റ്റാഫ് നഴ്സുമാരുടെ ശമ്പളവും വർദ്ധിപ്പിച്ചിട്ടുണ്ട്. കെ.എച്ച്. ആർ.ഡബ്ല്യൂ.എസ്. ഗവേണിംഗ് ബോർഡാണ് കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച്

തീരുമാനമെടുക്കുന്നത്. കരാർ ജീവനക്കാരായ നഴ്സുമാർക്കായി സർക്കാർ നിശ്ചയിച്ച ശമ്പളം കെ.എച്ച്. ആർ.ഡബ്ല്യൂ.എസ്.-ലും നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

## IV റിപ്പോർട്ട് സമർപ്പണം

(1) 2017-ലെ കേരള ചരക്കു സേവന നികുതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) <u>ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ</u>

(i) <u>2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബിൽ</u>

(ശ്രീ. എൻ. എ. നെല്ലിക്കുന്ന് നോട്ടീസ് നൽകിയത്)

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കേന്ദ്ര നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രൂപീകരിച്ച അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റീസ് സ്കീമിൽ പാചകത്തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ക്ഷേമപദ്ധതി പ്രകാരം ചികിത്സാസഹായത്തിനും പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾക്കും പാചകത്തൊഴിലാളികൾക്ക് അർഹതയുള്ളതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ട സാഹചര്യം നിലവിലില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വളരെ ദുരിതപൂർണ്ണമായ ജീവിതമാണ് സംസ്ഥാനത്തെ പാചകത്തൊഴിലാളികൾ നയിക്കുന്നത്. ഹോട്ടലുകളിലെ ഭക്ഷണത്തെ ആശ്രയിക്കുന്നവരെ സംബന്ധിച്ചിടത്തോളം

പാചകത്തൊഴിലാളികളുടെ സേവനം വിലമതിക്കാനാകാത്തതാണ്. ആഘോഷങ്ങളെ ആസ്വാദ്യമാക്കുന്നതിനു പിന്നിൽ സ്വാദിഷ്ടമായ ഭക്ഷണത്തിനും പാചകത്തൊഴിലാളിക്കും പ്രധാന പങ്കുണ്ട്. പാചകത്തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. എല്ലാക്കാലത്തും തുടർച്ചയായി ജോലി ലഭിക്കുന്നതിനുള്ള അവസരങ്ങൾ കുറവാണ്. ആയതിനാൽ അവർക്കായി ഒരു ക്ഷേമപദ്ധതി ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(ii) 2016 -ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബിൽ

(ശ്രീ. ജെയിംസ് മാത്യു നോട്ടീസ് നൽകിയത്)

ശ്രീ. ജെയിംസ് മാത്യു: 2016 -ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ : പ്രമേയത്തെ പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : ബില്ലിന്റെ ഉള്ളടക്കത്തോട് യോജിക്കുകയാണ്. സംസ്ഥാനത്തെ കണ്ടൽ കാടുകളെ റിസർവ് വനമായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിന് നിലവിലുള്ള കേരള

വന നിയമത്തിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. ഒരു ഏക്കറിൽ കുറവുള്ള കണ്ടൽ കാടുകളെ ഇൻസെന്റീവ് കൊടുത്ത് സംരക്ഷിക്കുന്ന പദ്ധതിയും നിലവിലുണ്ട്. വന്യജീവി സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി കമ്മ്യൂണിറ്റി റിസർവ്വുകളായി സംരക്ഷിച്ച് കണ്ടൽ കാടുകളെ പരിപാലിക്കുന്നുമുണ്ട്. സംസ്ഥാനത്തെ കണ്ടൽകാടുകളെ സംരക്ഷിക്കുന്നതിനാവശ്യമായ നിയമങ്ങൾ നിലവിലുള്ളതിനാലും കേന്ദ്ര ചട്ടങ്ങൾക്ക് എതിരായതിനാലും ഈ ബില്ലിന്റെ ആവശ്യമില്ല.

<u>ശ്രീ. ജെയിംസ് മാത്യു</u> : ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ച കാര്യങ്ങളോട് വിയോജിക്കുകയാണ്. സംസ്ഥാനത്ത് കണ്ടൽ കാടുകളുടെ അളവ് ഗണ്യമായ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ സർക്കാർ അധീനതയിലുള്ള റിസർവ് ഫോറസ്റ്റുകൾ സംരക്ഷിക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിനും ടൂറിസം വികസനത്തിനും കണ്ടൽ വനങ്ങളുടെ സംരക്ഷണം അനിവാര്യമാണ്. കേരളത്തിലെ കണ്ടൽ കാടുകളിൽ മഹാഭൂരിപക്ഷവും സ്ഥിതി ചെയ്യുന്നത് സ്വകാര്യ ഭൂമിയിലായതിനാൽ അവയെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

(iii) 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബിൽ

(ശ്രീ. വി. ടി. ബൽറാം നോട്ടീസ് നൽകിയത്)

ശ്രീ. വി. ടി. ബൽറാം: 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരാണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): യാത്രക്കാരുടെ സുരക്ഷയ്ക്കായുള്ള വ്യവസ്ഥകൾ കേന്ദ്ര -സംസ്ഥാന മോട്ടോർ വാഹന ചട്ടങ്ങളിലും കേരള റോഡ് സേഫ്റ്റി ആക്ടിലും റൂൾസിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ, ടോയ്ലെറ്റുകൾ, ഹോട്ടലുകൾ എന്നിവയുടെ നവീകരണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് ഗവർണറും യാത്രയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിന് ജി.പി.എസ്., സി.സി.ടി.വി. തുടങ്ങിയ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. റോഡ് സേഫ്റ്റി ആക്ടിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ

അതോറിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് ഒരു കോടി രൂപ ചെലവുവരുമെന്നതിനാലും ബില്ലിൽ പരമാർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും നിലവിലുള്ള ചട്ടങ്ങളും സംവിധാനങ്ങളുമുപയോഗിച്ച് നടപ്പിലാക്കിവരുന്നതിനാലും ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. വി. ടി. ബൽറാം: ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ചുമതലപ്പെട്ട അതോറിറ്റി രൂപീകരിക്കണം. കേന്ദ്ര മോട്ടോർ വാഹന നിയമം വരുമ്പോൾ അതിലെ നല്ല വശങ്ങൾകൂടി ഉൾപ്പെടുത്തി യാത്രക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനമൊരുക്കണം. യാത്രക്കാരന്റെ അവകാശങ്ങൾ ഹനിക്കപ്പെടുന്ന സന്ദർഭങ്ങളിൽ ഇടപെടൽ നടത്തുന്നതിനാണ് ക്വാസി ജൂഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു അതോറിറ്റി രൂപീകരിക്കണമെന്നാവശ്യപ്പെടുന്നത്.

(ചർച്ച തുടരും)

## (iv) 2017-ലെ ചികിത്സാവകാശമിഷൻ ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നോട്ടീസ് നൽകിയത്)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 2017-ലെ ചികിത്സാവകാശമിഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പൊതു-സ്വകാര്യ മേഖലകളിലെ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പാക്കത്തക്കവിധത്തിൽ രജിസ്ട്രേഷൻ, ക്ലിനിക്കൽ പ്രവർത്തനങ്ങൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിനും ആരോഗ്യ ചികിത്സാരംഗത്തെ അനഭിലഷണീയമായ പ്രവണതകൾ നിരുത്സാഹപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് 2017-ലെ 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ ബിൽ' ഔദ്യോഗിക ബില്ലായി സർക്കാർ സഭയിൽ അവതരിപ്പിച്ച സാഹചര്യത്തിൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ചികിത്സയ്ക്കെത്തുന്ന രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

(ചർച്ച തുടരും)

(സഭ ഉച്ചയ്ക്കുശേഷം 12.30- ന് പിരിഞ്ഞു.)